# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 585
# 05.06.2018-ന് മറുപടി നൽകേണ്ടത്

**സ്റ്റാർട്ടപ്പുകൾക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.പി.ടി.തോമസ് | ഡോ. റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| എ. | സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലളിതമായ വ്യവസ്ഥയിൽ, കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലളിതമായ വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പലിശ നിരക്കുകൾ പൊതുവായ പലിശ നയത്തിൽ ഉൾപ്പെടും. |
| ബി. | കെ.എഫ്.സി.യുടെ വായ്പാ പലിശ നിരക്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | Prime Lending Rate (PLR) വ്യവസ്ഥയിലാണ് വായ്പ അനുവദിച്ചിരുന്നത്. 14.5% ആയിരുന്നു നിലവിലുള്ള PLR. ഇത് ബേസ് റേറ്റ് സിസ്റ്റത്തിലേക്ക് മാറി. 9.5% ആണ് പുതിയ ബേസ് റേറ്റ്. |
| സി. | വായ്പ അപേക്ഷയിൽ തീരുമാനം എടുക്കുന്നതിന് നിലവിൽ കാലതാമസം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലതാമസം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | വായ്പ അപേക്ഷയിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ പുതിയ നടപടി ക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ലോൺ അപേക്ഷയിന്മേലുള്ള ഓരോ നടപടിക്കും സമയപരിധി നിശ്ചയിച്ചു. 42 ദിവസത്തിനുള്ളിൽ ഒരു ലോൺ അനുവദിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. |

Sayi

**സെക്ഷൻ ഓഫീസർ**